നമ്പർ. A2/3938/19/RIT

Office of the Principal, Rajiv Gandhi Institute of Technology,
Kottayam
Kottayam
തീയതി: 03.07.2019

## സർക്കുലർ

വിഷയം:- രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം – ശമ്പളവും ബത്തകളും ഇ.റ്റി,എസ് ബി മുഖേന വിതരണം ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- 1.ജി.ഒ.(പി) നമ്പർ 67/2019/ഫിൻ തീയതി 13/06/2019.
2. സർക്കുലർ നമ്പർ 63/2019/ഫിൻ തീയതി 27/06/2019.

സർക്കാർ ജീവനക്കാർക്ക് ശമ്പളവും ബത്തയും വിതരണം ചെയ്യുന്നതിലേക്കായി സർക്കാർ ഇ.റ്റി.എസ്.ബി സമ്പ്രദായം പുതിയതായി ആരംഭിച്ചിരിക്കുന്നു. ഓരോ സർക്കാർ ജീവനക്കാരനും ഇ.റ്റി.എസ്.ബി അക്കൌണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2019 ജൂലൈ മാസത്തിലെ ശമ്പളം മുതൽ പ്രസ്തുത ഇ.റ്റി.എസ്.ബി അക്കൌണ്ടുകളിലേക്കായിരിക്കും ഓരോരുത്തരുടെയും ശമ്പളം നിക്ഷേപിക്കപ്പെടുന്നത്. ഓരോ ജീവനക്കാരനും കൃത്യമായി എഴുതി നൽകിയ സമ്മതപത്രം മുഖേന മാത്രമേ ഇ.റ്റി.എസ്.ബി അക്കൌണ്ടിൽ നിന്നും തുകകൾ മറ്റ് അക്കൌണ്ടുകളിലേക്ക് മാറ്റുവാൻ കഴിയുകയുള്ളൂ. ജീവനക്കാർക്ക് അവരുടെ ശമ്പളം ഭാഗികമായോ പൂർണമായോ ഇ.റ്റി.എസ്.ബി അക്കൌണ്ടുകളിൽ നിലനിർത്തുവാൻ കഴിയുന്നതാണ്. അതിനാൽ ഇതോടൊപ്പം തന്നിട്ടുള്ള മാതൃക പത്രികയിൽ എല്ലാ ജീവനക്കാരും അവരുടെ സമ്മതപത്രം പൂരിപ്പിച്ച് 12/07/2019 നകം നിർബന്ധമായും ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഇ.റ്റി.എസ്.ബി അക്കൌണ്ടിൽ നെറ്റ് ബാങ്കിങ്, പാസ്ബുക്ക്, ചെക്ക് ബുക്ക് സൌകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ നെറ്റ് ബാങ്കിങ് അപേക്ഷയോടൊപ്പം KYC പ്രത്യേകം സമർപ്പിക്കേണ്ടതാണ്. http://tsbonline.keral.gov.in എന്ന വെബ്സൈറ്റിൽ നെറ്റ് ബാങ്കിങ് സൌകര്യത്തിനായുള്ള അപേക്ഷ ലഭ്യമാണ്. KYC ഫോമിൽ ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ചേർക്കേണ്ടതാണ്. നെറ്റ് ബാങ്കിങ് അപേക്ഷയും KYCയും 12/07/2019 ന് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

Anilan P K
Administrative Assistant

സ്വീകർത്താവ്

എല്ലാ ജീവനക്കാരുടേയും അറിവിലേക്ക് വകുപ്പ് മേധാവി മുഖാന്തരം
1. വകുപ്പ് മേധാവി , സിവിൽ
എഞ്ചിനീയറിംഗ് വിഭാഗം.
2. വകുപ്പ് മേധാവി , മെക്കാനിക്കൽ
എഞ്ചിനീയറിംഗ് വിഭാഗം
3.വകുപ്പ് മേധാവി , മെക്കാനിക്കൽ
വർക്ക്ഷോപ്പ്
4. വകുപ്പ് മേധാവി , ഇലക്ട്രിക്കൽ
എഞ്ചിനീയറിംഗ് വിഭാഗം
5.വകുപ്പ് മേധാവി , ഇലക്ട്രോണിക്സ്
എഞ്ചിനീയറിംഗ് വിഭാഗം
6. വകുപ്പ് മേധാവി , കംപ്യൂട്ടർ
എഞ്ചിനീയറിങ് വിഭാഗം
7. വകുപ്പ് മേധാവി ,
അർകിടെക്ചർ വിഭാഗം
8. വകുപ്പ് മേധാവി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗം.
9. വകുപ്പ് മേധാവി ജനറൽ
എഡ്യൂക്കേഷൻ വിഭാഗം
10. വകുപ്പ് മേധാവി , അഡ്മിനിസ്ട്രേഷൻ വിഭാഗം
വിഭാഗം

# സമ്മതപത്രം

പേര് :

ഉദ്യോഗപ്പേര് :

പെൻ നമ്പർ :

.ഇ.റ്റി.എസ്.ബി അക്കൌണ്ട് നമ്പർ :

എൻറെ ശമ്പളവും ബത്തയും മേൽ പറഞ്ഞ ഇ.റ്റി.എസ്.ബി അക്കൌണ്ടിൽനിക്ഷേപിക്കുന്നതിനും അതിൽനിന്ന് പ്രതിമാസം മുഴുവൻ തുകയും/ ......................................രൂപ എൻറെ നിലവിലുള്ള അക്കൌണ്ടിലേക്ക് മാറ്റുന്നതിന് ഞാൻ ഇതിനാൽ സമ്മതം അറിയിക്കുന്നു.

സ്ഥലം. ഒപ്പ്

തീയതി.

പേര്